"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - കേരള നഗരഗ്രാമ വികസന ധനകാര്യ കോർപ്പറേഷന്റെ (KURDFC) സ്റ്റാഫ് സ്ട്രെങ്ങ്ത് പരിഷ്ക്കരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ (ഐ.എ) വകുപ്പ്**

സ.ഉ.(കൈ) നം.159/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 30/07/2021

പരാമർശം:-
1. സ.ഉ.(കൈ) നം. 275/2013/തസ്വഭവ തീയതി 03.08.2013.
2. കെ. യു. ആർ. ഡി. എഫ്. സി. മാനേജിംഗ് ഡയറക്ടറുടെ 06.01.2021ലെ കെ.യു. ആർ.ഡി.എഫ്. സി/എ2/228/2021 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കെ.യു.ആർ.ഡി.എഫ്.സി.യിലെ ജീവനക്കാർക്ക് 9-ാം ശമ്പള പരിഷ്കരണം അനുവദിച്ച് പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവിൽ 2 3 വർഷം മുമ്പുള്ള സ്റ്റാഫ് ഘടനയാണ് ഉൾക്കൊള്ളിച്ചിരുന്നത്. കൂടാതെ ഈ സ്റ്റാഫ് പാറ്റേണിലുള്ള ഒരു തസ്തികയിലും ജീവനക്കാരില്ലാതിരുന്നു. നിലവിലുള്ള ആർക്കും തന്നെ 9-ാം ശമ്പള പരിഷ്കരണത്തിന്റെ ആനുകൂല്യം ലഭിച്ചിരുന്നില്ല. ആയതിനാൽ നിലവിലുള്ള ജീവനക്കാരെ ഉൾപ്പെടുത്തി പരാമർശം (1) ലെ ഉത്തരവ് പ്രകാരമുള്ള സ്റ്റാഫ് പാറ്റേൺ പരിഷ്കരിച്ച് ഉത്തരവാകണമെന്ന് പരാമർശം (2) പ്രകാരം കെ.യു.ആർ.ഡി.എഫ്.സി. മാനേജിംഗ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിച്ചു.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ കെ.യു.ആർ.ഡി.എഫ്.സി.യിലെ സ്റ്റാഫ് സ്ട്രെങ്ങ്ത് നിലവിലുള്ള ജീവനക്കാരെ ഉൾപ്പെടുത്തി താഴെക്കാണും പ്രകാരം പരിഷ്കരിച്ച് ഉത്തരവാകുന്നു.

| ക്രമ നം . | തസ്തികകൾ | എണ്ണം | നിയമനരീതി | നിലവിലെ ശമ്പള സ്കെയിൽ |
|---|---|---|---|---|
| 1 | മാനേജിംഗ് ഡയറക്ടർ | 1 | ഡെപ്യൂട്ടേഷൻ / സർക്കാർ നിയമനം | 20700-26600 |
| 2 | അഡ്മിനിസ്ട്രേറ്റീവ് ആഫീസർ | 1 | ഡെപ്യൂട്ടേഷൻ | - |
| 3 | അസിസ്റ്റന്റ് മാനേജർ പ്രൊജക്ട് ( ടൗൺപ്ലാനർ ) | 1 | ടൗൺ & കൺട്രി പ്ലാനിംഗ് വകുപ്പിൽ നിന്നും ഡെപ്യൂട്ടേഷൻ | - |
| 4 | അക്കൗണ്ട്സ് ആഫീസർ | 1 | ഡെപ്യൂട്ടേഷൻ | - |
| 5 | കമ്പനി സെക്രട്ടറി | 1 | റീട്ടെയ്നർഷിപ്പ് | - |
| 6 | ഫിനാൻസ് മാനേജർ | 1 | കരാർ നിയമനം | - |

| | | | | |
|---|---|---|---|---|
| 7 | സെക്ഷൻ ആഫീസർ | 1 | പ്രൊമോഷൻ | 18740-33680 |
| 8 | സീനിയർ ഗ്രേഡ് അസിസ്റ്റന്റ് | 1 | പ്രൊമോഷൻ | 16180-29180 |
| 9 | അസിസ്റ്റന്റ് ഗ്രേഡ് 1 | 1 | പ്രൊമോഷൻ | 13900-24040 |
| 10 | അസിസ്റ്റന്റ് ഗ്രേഡ് 2 | 1 | പി . എസ് . സി . മുഖേന നേരിട്ടുള്ള നിയമനം | 11620-20240 |
| 11 | സ്റ്റെനോഗ്രാഫർ ഗ്രേഡ് 2 | 2 | പി . എസ് . സി . മുഖേന നേരിട്ടുള്ള നിയമനം | 11620-20240 |
| 12 | ടൈപ്പിസ്റ്റ് | 1 | പി . എസ് . സി . മുഖേന നേരിട്ടുള്ള നിയമനം | 11620-20240 |
| 13 | പ്യൂൺ കം ഡ്രൈവർ | 3 | പി . എസ് . സി . മുഖേന നേരിട്ടുള്ള നിയമനം | 9190-15780 |
| 14 | പ്യൂൺ | 1 | പി . എസ് . സി . മുഖേന നേരിട്ടുള്ള നിയമനം | 8500-13210 |
| 15 | പാർട്ട് ടൈം സ്വീപ്പർ | 1 | സ്ഥിരനിയമനം | 4250-6700 |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സൗരഭ് ജെയിൻ
സെക്രട്ടറി

മാനേജിംഗ് ഡയറക്ടർ, കെ.യു.ആർ.ഡി.എഫ്.സി, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (ഇ&ആർഎസ്എ / ജി&എസ്എ/ജി&എസ്എസ്എ), കേരളം, തിരുവനന്തപുരം

ധനകാര്യ വകുപ്പ് (PU-C2/157/2019/FIN dated 6/02/2021)

പൊതുഭരണ (എസ് സി) വകുപ്പ് ( )

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

രഹസ്യം

കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

**തീയതി : 28-07-2021**

ഫയൽ നം. തസ്വഭവ-ഐ.എ.2/59/2019-തസ്വഭവ. ഇനം നം: 142

വിഷയം : തദ്ദേശസ്വയംഭരണ വകുപ്പ് - കെ.യു.ആർ.ഡി.എഫ്.സി.-യിലെ ജീവനക്കാരുടെ സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

സെക്രട്ടറി, തദ്ദേശസ്വയംഭരണവകുപ്പ്.

29/7

DS (Leena)

29/7/2021

DS

# കേരള സർക്കാർ

(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)

മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | തസ്വഭവ-ഐഎ 2/59/2019-തസ്വഭവ. |
| 2 | വകുപ്പ് | : | തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്. |
| 3 | വിഷയം | : | തദ്ദേശ സ്വയംഭരണ വകുപ്പ് - കെ.യു.ആർ.ഡി.എഫ്.സി.യിലെ ജീവനക്കാരുടെ സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കുന്നത്-സംബന്ധിച്ച്. |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 22/06/2021 |
| 5(i) | ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ? | : | ഉണ്ട് |
| (ii) | ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഉണ്ട്<br>ഉണ്ട് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല. |
| 7 | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | : | ശ്രീമതി. ലീന എൻ.പി. |
| 8 | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | : | ശ്രീ. സൗരഭ് ജയിൻ |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 15/07/2021 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ. വി.പി.ജോയ് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 16/07/2021 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 22/07/2021 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 26/07/2021 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പരും തീയതിയും. | : | |

<u>മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്</u>

സ.ഉ.(കൈ) നം. 275/2013/തസ്വഭവ തീയതി 03.08.2013 പ്രകാരം അംഗീകരിച്ച കേരള നഗരഗ്രാമ വികസന ധനകാര്യ കോർപ്പറേഷന്റെ (KURDFC) സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കുന്ന കാര്യമാണ് ഈ കുറിപ്പിലെ വിഷയം.

2) സ.ഉ.(കൈ)നം.275/2013/തസ്വഭവ തീയതി 03.08.2013 പ്രകാരം കെ.യു.ആർ.ഡി.എഫ്.സി.യിലെ ജീവനക്കാർക്ക് 9-ാംശമ്പള പരിഷ്കരണം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. പ്രസ്തുത ഉത്തരവിൽ 23 വർഷം മുമ്പുള്ള സ്റ്റാഫ് ഘടനയാണ് ഉൾക്കൊള്ളിച്ചിരുന്നത്. ഈ സ്റ്റാഫ് പാറ്റേണിലുള്ള ഒരു തസ്തികയിലും ആളില്ലാത്തതിനാൽ 9-ാം ശമ്പള പരിഷ്കരണത്തിന്റെ ആനുകൂല്യം നിലവിലുള്ള ആർക്കും ലഭിച്ചിട്ടില്ല. ഇതിന് ശാശ്വത പരിഹാരമെന്നത് നിലവിലുള്ള ജീവനക്കാരെ മാത്രം വച്ച് സ്റ്റാഫ് പാറ്റേൺ പുതുക്കുക എന്നതാണ്. കെ.യു.ആർ.ഡി.എഫ്.സി. സ്റ്റാഫ് പാറ്റേൺ പുതുക്കി നിശ്ചയിക്കുന്നത് സംബന്ധിച്ച് 06.01.2021ൽ അഡീഷണൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗതീരുമാനപ്രകാരം 9-ാം ശമ്പള പരിഷ്കരണം അനുവദിച്ച സ.ഉ.(കൈ) നം. 275/2013/തസ്വഭവ തീയതി 03.08.2013 ഉത്തരവിലെ സ്റ്റാഫ് പാറ്റേൺ പുതുക്കുന്നതിന് ശുപാർശ സമർപ്പിക്കുവാൻ നിർദ്ദേശിച്ചതിനെ തുടർന്ന് കെ.യു.ആർ.ഡി.എഫ്.സി. മാനേജിംഗ് ഡയറക്ടർ പ്രൊപ്പോസൽ സമർപ്പിക്കുകയുണ്ടായി.

3) ഫയൽ ധനകാര്യവകുപ്പിന്റെ അഭിപ്രായത്തിനായി നൽകിയപ്പോൾ ആ വകുപ്പ് താഴെപ്പറയും പ്രകാരം അഭിപ്രായപ്പെട്ടു.

*" ഭരണ വകുപ്പിനെ ചുവടെ പറയും പ്രകാരം അറിയിക്കുന്നു :-*

*സ്റ്റാഫ് പാറ്റേൺ ഫിക്സ് ചെയ്യുന്ന വിഷയം ഭരണപരമായ കാര്യമായതിനാൽ, ഭരണവകുപ്പിന് തന്നെ ടി വിഷയത്തിൽ അനുയോജ്യമായ തലത്തിൽ ഉചിതമായ തീരുമാനം കൈക്കൊണ്ട് സർക്കാർ ഉത്തരവിന്റെ പിൻബലത്തോടെയുള്ള സ്റ്റാഫ് പാറ്റേൺ പുറപ്പെടുവിക്കാവുന്നതേയുള്ളൂ. ആയതിനാൽ സ്റ്റാഫ് പാറ്റേൺ പരിഷ്കരിച്ചുകൊണ്ട് ഭരണവകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചശേഷം 12/8/2016 ലെ 69/2016/ധന സർക്കുലറിലെ വ്യവസ്ഥകൾ പ്രകാരമുള്ള പ്രമാണങ്ങൾ സഹിതം കെ.യു.ആർ.ഡി.എഫ്.സി - ലെ ജീവനക്കാർക്ക് പത്താം ശമ്പള പരിഷ്കരണം അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ ധന പി. ആർ. സി. സി വകുപ്പിന് അടിയന്തരമായി സമർപ്പിക്കുകയാണ് ചെയ്യേണ്ടത് "*

4) കെ.യു.ആർ.ഡി.എഫ്.സി. മാനേജിംഗ് ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ പ്രകാരം കെ.യു.ആർ.ഡി.എഫ്.സി.യിലെ നിലവിലുള്ള തസ്തികകൾ താഴെപറയും പ്രകാരമാണ്.

| ക്രമ നം . | തസ്തികകൾ | എണ്ണം | നിയമനരീതി | നിലവിലെ ശമ്പള സ്കെയിൽ |
|---|---|---|---|---|
| 1 | മാനേജിംഗ് ഡയറക്ടർ | 1 | ഡെപ്യൂട്ടേഷൻ / സർക്കാർ നിയമനം | 20700-26600 |
| 2 | അഡ്മിനിസ്ട്രേറ്റീവ് ആഫീസർ | 1 | ഡെപ്യൂട്ടേഷൻ | - |
| 3 | അസിസ്റ്റന്റ് മാനേജർ പ്രൊജക്ട് ( ടൗൺപ്ലാനർ ) | 1 | ടൗൺ & കൺട്രി പ്ലാനിംഗ് വകുപ്പിൽ നിന്നും ഡെപ്യൂട്ടേഷൻ | - |
| 4 | അക്കൗണ്ട്സ് ആഫീസർ | 1 | ഡെപ്യൂട്ടേഷൻ | - |
| 5 | കമ്പനി സെക്രട്ടറി | 1 | റീട്ടെയ്നർഷിപ്പ് | - |
| 6 | ഫിനാൻസ് മാനേജർ | 1 | കരാർ നിയമനം | - |
| 7 | സെക്ഷൻ ആഫീസർ | 1 | പ്രൊമോഷൻ | 18740-33680 |
| 8 | സീനിയർ ഗ്രേഡ് അസിസ്റ്റന്റ് | 1 | പ്രൊമോഷൻ | 16180-29180 |
| 9 | അസിസ്റ്റന്റ് ഗ്രേഡ് 1 | 1 | പ്രൊമോഷൻ | 13900-24040 |
| 10 | അസിസ്റ്റന്റ് ഗ്രേഡ് 2 | 1 | പി . എസ് . സി . മുഖേന നേരിട്ടുള്ള നിയമനം | 11620-20240 |
| 11 | സ്റ്റെനോഗ്രാഫർ ഗ്രേഡ് 2 | 2 | പി . എസ് . സി . മുഖേന നേരിട്ടുള്ള നിയമനം | 11620-20240 |
| 12 | ടൈപ്പിസ്റ്റ് | 1 | പി . എസ് . സി . മുഖേന നേരിട്ടുള്ള നിയമനം | 11620-20240 |
| 13 | പ്യൂൺ കം ഡ്രൈവർ | 3 | പി . എസ് . സി . മുഖേന നേരിട്ടുള്ള നിയമനം | 9190-15780 |
| 14 | പ്യൂൺ | 1 | പി . എസ് . സി . മുഖേന നേരിട്ടുള്ള നിയമനം | 8500-13210 |
| 15 | പാർട്ട് ടൈം സ്വീപ്പർ | 1 | സ്ഥിരനിയമനം | 4250-6700 |

5) സ്റ്റാഫ് പാറ്റേൺ അംഗീകരിച്ചിട്ടില്ലാത്തതുകൊണ്ട് KURDFC യിലെ ജീവനക്കാർക്ക് 9 ഉം 10 ഉം ശമ്പള പരിഷ്കരണ ആനുകൂല്യങ്ങൾ നാളിതുവരെ ലഭ്യമായിട്ടില്ല എന്ന

വസ്തുത കണക്കിലെടുത്ത് ആദ്യപടിയായി നിലവിലെ ജീവനക്കാരുടെ സ്റ്റാഫ് പാറ്റേൺ അംഗീകരിക്കുന്നതിനായി ഫയൽ ചംക്രമണം ചെയ്യപ്പോൾ വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായി.

**തീരുമാനിക്കേണ്ട വിഷയം**

സ.ഉ.(കൈ) നം. 275/2013/തസ്വഭവ തീയതി 03.08.2013 പ്രകാരം അംഗീകരിച്ച കെ.യു.ആർ.ഡി.എഫ്.സി.യുടെ സ്റ്റാഫ് പാറ്റേൺ മേൽ പട്ടിക പ്രകാരം പരിഷ്ക്കരിക്കാമോ?